"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

**സംഗ്രഹം**

റവന്യൂ വകുപ്പ്- മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി - ശ്രീമതി.ശാന്തകുമാരി അമ്മ, ആറ്റുകാൽ വീട്, വാളിയറ, വെള്ളനാട്, തിരുവനന്തപുരം എന്നയാൾക്ക്, 08.03.2013-ലെ OS 224/2009 വിധിന്യായ പ്രകാരം അനുവദിച്ച നഷ്ടപരിഹാരതുക പലിശ ഉൾപ്പടെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

റവന്യൂ (ഡി.ആർ.എഫ്-എ) വകുപ്പ്

സ.ഉ.(കൈ) നം.119/2023/RD തീയതി,തിരുവനന്തപുരം, 25-05-2023

---

പരാമർശം:-

1. ശ്രീമതി.ശാന്തകുമാരി അമ്മ, ആറ്റുകാൽ വീട്, വാളിയറ, വെള്ളനാട്, തിരുവനന്തപുരം എന്നയാൾ സർക്കാരിൽ സമർപ്പിച്ച G3220902295 നമ്പർ അപേക്ഷ.
2. ബഹു. നെടുമങ്ങാട് സബ് കോടതി മുൻപാകെ ശ്രീമതി. ശാന്തകുമാരി അമ്മ, ആറ്റുകാൽ വീട്, വാളിയറ, വെള്ളനാട്, തിരുവനന്തപുരം, ഫയൽ ചെയ്ത OS 224/2009 നമ്പർ കേസിൽ പുറപ്പെടുവിച്ച 08.03.2013 -ലെ വിധിന്യായം.
3. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 13.01.2023 തീയതിയിലെ DCTVM/808/2019-C2 നമ്പർ കത്ത്.

**ഉത്തരവ്**

ശ്രീമതി.ശാന്തകുമാരി അമ്മ ആറ്റുകാൽ വീട്, വാളിയറ, വെള്ളനാട്, തിരുവനന്തപുരം എന്നയാൾ 16.10.2007 -ന് തിരുവനന്തപുരം ജില്ലയിൽ നെടുമങ്ങാട് ടൗൺ എൽ.പി.എസിലെ സ്കൂൾ കോമ്പൗണ്ടിന്റെ മുൻവശത്തെ നടപ്പാതയിലൂടെ നടക്കുമ്പോൾ സ്കൂൾ കോമ്പൗണ്ട് ഭിത്തി ഇടിഞ്ഞ് ദേഹത്ത് വീഴുകയും ഗുരുതരമായി പരിക്കേറ്റ് കിടപ്പിലാവുകയും ചെയ്തുവെന്നും പ്രസ്തുത സംഭവവുമായി ബന്ധപ്പെട്ട് ടിയാൾ ബഹു. നെടുമങ്ങാട് സബ് കോടതിയിൽ ഫയൽ ചെയ്ത OS 224/2009 നമ്പർ കേസിൽ 4,63,000/- രൂപ ടിയാൾക്ക് നഷ്ടപരിഹാരമായി അനുവദിച്ചുവെന്നും എന്നാൽ പ്രസ്തുത വിധിക്കെതിരെ അപ്പീൽ ഫയൽ ചെയ്തിട്ടുള്ളതിനാൽ അനുവദിച്ച നഷ്ടപരിഹാര തുക ലഭ്യമായിട്ടില്ലെന്നും ആയതിനാൽ ടിയാളുടെയും കുടുംബത്തിന്റെയും അതിദയനീയ അവസ്ഥ പരിഗണിച്ച് മാനുഷിക പരിഗണന നൽകി തുക അനുവദിക്കണമെന്നമെന്നും ആവശ്യപ്പെട്ട് പരാമർശം ഒന്ന് പ്രകാരം അപേക്ഷിച്ചിട്ടുണ്ട്

2. OS224/2009 നമ്പറായി നഷ്ടപരിഹാരത്തിനായി നെടുമങ്ങാട് സബ്കോടതിയിൽ ടിയാൾ ഫയൽ ചെയ്ത കേസിൽ 08/03/2013 ൽ ബഹു. കോടതി താഴെ പറയും പ്രകാരം വിധിന്യായം പുറപ്പെടുവിക്കുകയുണ്ടായി.

"In the result suit is decreed with costs allowing plaintiff from realising Rs.4,63,000/- (Four lakhs and sixty three thousand only) with interest at the rate of 6% from 1st defendant

from the date of suit till realisation".

3. OS224/2009 കേസിൽ 8/3/2013 ലെ പ്രസ്തുത വിധി ന്യായത്തിനെതിരെ, സർക്കാർ, ബഹു. ഹൈക്കോടതിയിൽ 664/2013 നമ്പറായി Regular First Appeal ഫയൽ ചെയ്തിട്ടുണ്ട്. എന്നാൽ നാളിതുവരെ സ്റ്റേ അനുവദിച്ചിട്ടില്ലായെന്നും നഷ്ടപരിഹാരം നൽകുന്നതിന് വിഘാതമായി ഒരു കോടതി ഉത്തരവും നിലവിലില്ലായെന്ന നെടുമങ്ങാട് അസിസ്റ്റന്റ് ഗവൺമെന്റ് പ്ലീഡർ അറിയിച്ചിട്ടുള്ളതാണ് എന്നും വിധി നടത്തി കിട്ടുന്നതിനായി ശ്രീമതി.ശാന്തകുമാരി EP21/2018, EA68/22 കേസ് ഫയൽ ചെയ്തിട്ടുള്ളതും റവന്യൂ വകുപ്പിന്റെ KL01 BA3875 നമ്പർ ബൊലേറോ ജീപ്പും റവന്യൂ റിക്കവറി വകുപ്പിന്റെ KL01AQ7042 നമ്പർ അംബാസഡർ കാറും പൊതുവിതരണ വകുപ്പിന്റെ KL01AN3290 നമ്പർ മഹീന്ദ്ര ജീപ്പും അറ്റാച്ച് ചെയ്യുന്നതിലേക്കായി പട്ടിക നൽകിയിട്ടുള്ളതുമാണ് എന്നും തിരുവനന്തപുരം ജില്ല കലക്ടർ പരാമർശം 3 പ്രകാരം റിപ്പോർട്ടു ചെയ്തിട്ടുണ്ട്.

4. മേൽ വിഷയം സർക്കാർ വിശദമായി പരിശോധിച്ചു. ശ്രീമതി ശാന്തകുമാരി അമ്മ, ആറ്റുകാൽ വീട്, വാളിയറ, വെള്ളനാട്, തിരുവനന്തപുരം എന്നയാൾക്ക്, OS 224/2009- ലെ 08.03.2013 തീയതിയിലെ വിധിന്യായ പ്രകാരം നഷ്ടപരിഹാരമായി അനുവദിച്ച 4,63,000/- രൂപയും ആയതിന് കേസ് ഫയൽ ചെയ്ത അന്നുമുതൽ അനുവദിക്കുന്ന തീയതി വരെയുള്ള 6% പലിശയുൾപ്പടെ CMDRF ചട്ടങ്ങളിലെ നിലവിലെ വ്യവസ്ഥയിൽ ഇളവ് വരുത്തി, ഇത് ഒരു പ്രത്യേക കേസായി പരിഗണിച്ച്, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിച്ചുകൊണ്ടും പലിശ കണക്കാക്കുന്നതിന് തിരുവനന്തപുരം ജില്ലാ കളക്ടറെ ചുമതലപ്പെടുത്തിയും ഉത്തരവാകുന്നു. വിധിന്യായ പ്രകാരം അനുവദിച്ച 4,63,000/- രൂപയും ആയതിന് കേസ് ഫയൽ ചെയ്ത തീയതി മുതൽ ഈ ഉത്തരവ് തീയതി വരെയുള്ള കാലയളവിലേക്ക് 6% പലിശയും ചേർത്ത് ആകെ അനുവദിക്കേണ്ട തുക കണക്കാക്കി തിരുവനന്തപുരം ജില്ലാ കളക്ടർ അടിയന്തിരമായി സർക്കാരിൽ ലഭ്യമാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ടിങ്കു ബിസ്വാൾ
പ്രിൻസിപ്പൽ സെക്രട്ടറി

ജില്ലാ കളക്ടർ, തിരുവനന്തപുരം.
ശ്രീമതി. ശാന്തകുമാരി അമ്മ, ആറ്റുകാൽ വീട്, വാളിയറ, വെള്ളനാട്, തിരുവനന്തപുരം
ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി
(മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി ഖജാൻജി)
ധനകാര്യ (ഫണ്ട്സ്) വകുപ്പ്
പൊതുഭരണ (എസ് സി) വകുപ്പ്:( 24/5/2023 ലെ മന്ത്രിസഭായോഗ തീരുമാനം ഇനം നമ്പർ: 1531 പ്രകാരം)
മുഖ്യമന്ത്രിയുടെ കംപ്യൂട്ടർ സെൽ
വിവരപൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി
പകർപ്പ്:
ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ബഹു. റവന്യൂവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ാം.119/2023/RD

റവന്യൂവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്
റവന്യൂ (ഡി ആർ എഫ് - ബി,സി) വകുപ്പുകൾക്ക്

ഉത്തരവിൻ പ്രകാരം

Signed by
V D Omana
Date: 26-05-2023 11:26:35
സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 24-05-2023

ഫയൽ നം. Rev(DRF-A1)/30/2023/Rev. ഇനം നം: 1531

വിഷയം : റവന്യൂ വകുപ്പ് - ശ്രീമതി. ശാന്തകുമാരി അമ്മ, ആറ്റുകാൽ വീട്, വാളിയറ, വെള്ളനാട്, തിരുവനന്തപുരം എന്നയാൾക്ക് 08.03.2013-ലെ OS 224/2009 വിധിന്യായ പ്രകാരം അനുവദിച്ച നഷ്ടപരിഹാര തുക, CMDRF Rules-ലെ നിലവിലെ വ്യവസ്ഥകളിൽ ഇളവ് വരുത്തി പ്രത്യേക കേസായി പരിഗണിച്ച് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായം അനുവദിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശങ്ങൾ അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ്.

24/05

24/5/23

1531

**കേരള സർക്കാർ**

**(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)**
**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | Rev(DRF-A1)/ 30/2023 -Rev |
| 2 | വകുപ്പ് | : | റവന്യൂ (ഡിആർഎഫ്-എ) വകുപ്പ് |
| 3 | വിഷയം | : | ശ്രീമതി. ശാന്തകുമാരി അമ്മ , ആറ്റുകാൽ വീട് , വാളിയറ , വെള്ളനാട് , തിരുവനന്തപുരം എന്നയാൾക്ക് , 08.03.2013 ലെ OS 224/2009 വിധിന്യായ പ്രകാരം അനുവദിച്ച നഷ്ടപരിഹാര തുക . CMDRF Rules - ലെ നിലവിലെ വ്യവസ്ഥകളിൽ ഇളവ് വരുത്തി ,പ്രത്യേക കേസായി പരിഗണിച്ച് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിക്കുന്നത്- സംബന്ധിച്ച്. |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 24.04.2023 |
| 5 | (i) ഇത് സാമ്പത്തിക ബാധ്യത ഉള്ളതാണോ | : | അതെ |
| | (ii)സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം മന്ത്രിസഭായോഗ ത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | ഇല്ല |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചി ച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച സ്പെഷ്യൽ സെക്രട്ടറിയുടെ പേര് | : | ശ്രീമതി.രാരി രാജൻ |
| 8 | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ. എ.ജയതിലക് |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 11.05.23 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ.വി.പി ജോയ് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | | 12.05.23 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ. കെ.രാജൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 17.05.23 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 20.05.23 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ നമ്പറും തീയതിയും | : | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

ശ്രീമതി ശാന്തകുമാരി അമ്മ, ആറ്റുകാൽ വീട്, വാളിയറ, വെള്ളനാട്, തിരുവനന്തപുരം എന്നയാൾക്ക്, 08.03.2013 ലെ OS 224/2009 വിധിന്യായ പ്രകാരം അനുവദിച്ച നഷ്ടപരിഹാരതുക, CMDRF Rules - ലെ നിലവിലെ വ്യവസ്ഥകളിൽ ഇളവ് വരുത്തി, ഇത് ഒരു പ്രത്യേക കേസായി പരിഗണിച്ച് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിക്കുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2. ശ്രീമതി.ശാന്തകുമാരി അമ്മ G3220902295 പ്രകാരം ബഹു. മുഖ്യമന്ത്രി മുൻപാകെ പരാതി സമർപ്പിച്ചു. ആയത് പ്രകാരം 16.10.2007 ന് 3.30 pm ന് ടിയാൾ നെടുമങ്ങാട് ടൗൺ എൽ.പി.എസിലെ സ്കൂൾ കോമ്പൗണ്ടിന്റെ മുൻവശത്തെ നടപ്പാതയിലൂടെ നടക്കുമ്പോൾ സ്കൂൾ കോമ്പൗണ്ട് ഭിത്തി ഇടിഞ്ഞ് ദേഹത്ത് വീഴുകയും ഗുരുതരമായി പരിക്കേറ്റ് കിടപ്പിലാവുകയും ചെയ്തുവെന്നും പ്രസ്തുത സംഭവവുമായി ബന്ധപ്പെട്ട് ടിയാൾ ബഹു. നെടുമങ്ങാട് സബ് കോടതിയിൽ ഫയൽ ചെയ്ത OS224/2009 നമ്പർ കേസിൽ 4,63,000/- രൂപ ടിയാൾക്ക് നഷ്ടപരിഹാരമായി അനുവദിച്ചുവെങ്കിലും പ്രസ്തുത വിധിക്കെതിരെ അപ്പീൽ ഫയൽ ചെയ്തിട്ടുള്ളതിനാൽ അനുവദിച്ച നഷ്ടപരിഹാര തുക ലഭ്യമായിട്ടില്ലെന്നും അപേക്ഷകയുടെയും കുടുംബത്തിന്റെയും അതിദയനീയ അവസ്ഥ പരിഗണിച്ച് മാനുഷിക പരിഗണന നൽകി തുക അനുവദിക്കണമെന്നും അപേക്ഷിച്ചിരിക്കുകയാണ്.

3. ശ്രീമതി ശാന്തകുമാരി അമ്മ നെടുമങ്ങാട് സബ് കോടതിയിൽ ഫയൽ ചെയ്ത OS224/2009 ലെ ബഹു. കോടതി 08/03/2013 ൽ പുറപ്പെടുവിച്ചിട്ടുള്ള വിധിയുടെ പകർപ്പുകളും പ്രസ്തുത വിധിക്കെതിരെ സർക്കാർ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത RFA 664/13 ന്റെ പകർപ്പും തിരുവനന്തപുരം ജില്ലാ കളക്ടർ ലഭ്യമാക്കിയിട്ടുണ്ട്. ഈ സംഭവവുമായി ബന്ധപ്പെട്ട് ടിയാൾക്ക് 18.10.2007 - ൽ തഹസിൽദാർ ഇടക്കാലാശ്വാസമായി 500/- രൂപയും തുടർന്ന് 10000/- രൂപ ജില്ലാ കളക്ടറും അനുവദിച്ചിട്ടുണ്ട്.

4. CMO Portal വഴി ലഭ്യമായ G3220902295 നമ്പർ അപേക്ഷയോടൊപ്പമുള്ള . തിരുവനന്തപുരം ജില്ലാ കളക്ടറുടെ 17.11.22 ലെ റിപ്പോർട്ടിൽ ചുവടെ ചേർക്കും പ്രകാരം അറിയിച്ചിട്ടുണ്ട്.

"പ്രസ്തുത കേസുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ സർക്കാർ RFA 664/2013 നമ്പർ അപ്പീൽ ഫയൽ ചെയ്തിട്ടുള്ളതും , ആയതിൽ സ്റ്റേ ഉത്തരവ് വാങ്ങുന്നതിനുള്ള അപേക്ഷ അഡ്വക്കേറ്റ് ജനറലിനു സമർപ്പിച്ചിട്ടുള്ളതുമാണ്. അപ്രകാരം , OS224/2009- ലെ വിധിന്യായത്തിനെതിരെ , സർക്കാർ, ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ 664/2013 നമ്പരായി Regular First Appeal ഫയൽ ചെയ്തിട്ടുള്ളതിനാലും പ്രസ്തുത അപ്പീലിൽ സ്റ്റേ ഉത്തരവ്

വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതിനാലും , ടി കേസിലെ തീരുമാനം ആകുന്ന മുറയ്ക്ക് മാത്രമേ നടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളുവെന്ന വിവരം കക്ഷിയെ അറിയിച്ചിട്ടുള്ളതാണ് ".

5. OS224/2009 നമ്പറായി നഷ്ടപരിഹാരത്തിനായി നെടുമങ്ങാട് സബ്കോടതിയിൽ ടിയാൾ ഫയൽ ചെയ്ത കേസിൽ 08/03/2013 ൽ ബഹു. കോടതി താഴെ പറയും പ്രകാരം വിധിന്യായം പുറപ്പെടുവിക്കുകയുണ്ടായി.

"In the result suit is decreed with costs allowing plaintiff from realising Rs.4,63,000/- (Four lakhs and sixty three thousand only) with interest at the rate of 6% from 1st defendant from the date of suit till realisation ".

6. ഇതുമായി ബന്ധപ്പെട്ട് തിരുവനന്തപുരം ജില്ലാ കളക്ടർ ഇപ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

"സർക്കാർ RFA 664/2013 നമ്പർ അപ്പീൽ ഫയൽ ചെയ്തിട്ടുണ്ട്. അപ്പീൽ ബഹു. ഹൈക്കോടതിയുടെ പരിഗണനയിലാണ്.

OS224/2009 കേസിന്റെ വിധിക്കെതിരെ ബഹു. ഹൈക്കോടതി സ്റ്റേ ഓർഡർ പുറപ്പെടുവിച്ചിട്ടില്ലാത്തതും വിധി നടത്തി കിട്ടുന്നതിനായി ശ്രീമതി.ശാന്തകുമാരി EP21/2018, EA68/22 കേസ് ഫയൽ ചെയ്തിട്ടുള്ളതും റവന്യൂ വകുപ്പിന്റെ KL01 BA3875 നമ്പർ ബൊലേറോ ജീപ്പും റവന്യൂ റിക്കവറി വകുപ്പിന്റെ KL01AQ7042 നമ്പർ അംബാസഡർ കാറും പൊതുവിതരണ വകുപ്പിന്റെ KL01AN3290 നമ്പർ മഹീന്ദ്ര ജീപ്പും അറ്റാച്ച് ചെയ്യുന്നതിലേക്കായി പട്ടിക നൽകിയിട്ടുള്ളതുമാണ്.

OS224/2009 ലെ വിധി ന്യായത്തിനെതിരെ, സർക്കാർ, ബഹു. ഹൈക്കോടതിയിൽ 664/2013 നമ്പറായി Regular First Appeal ഫയൽ ചെയ്തിട്ടുണ്ട്. എന്നാൽ നാളിതുവരെ സ്റ്റേ അനുവദിച്ചിട്ടില്ലായെന്നും നഷ്ടപരിഹാരം നൽകുന്നതിന് വിഘാതമായി ഒരു കോടതി ഉത്തരവും നിലവിലില്ലായെന്നും നെടുമങ്ങാട് അസിസ്റ്റന്റ് ഗവൺമെന്റ് പ്ലീഡർ അറിയിച്ചിട്ടുള്ളതാണ്".

അപേക്ഷകയുടെ മെഡിക്കൽ സർട്ടിഫിക്കറ്റ്, ആധാർ, ബാങ്ക് പാസ് ബുക്ക്, വാർഷിക വരുമാനം എന്നിവ സംബന്ധിച്ച രേഖകൾ ലഭ്യമാക്കിയിട്ടില്ലാത്തതുമാണ്.

7 . ഈ വിഷയം സംബന്ധിച്ച ഫയൽ ബഹു.മുഖ്യമന്ത്രിക്ക് സമർപ്പിച്ചപ്പോൾ ബഹു. മുഖ്യമന്ത്രി ചുവടെ ചേർക്കും പ്രകാരം ഉത്തരവായി.

"മുഖ്യമന്ത്രിയുടെ പരാതിപരിഹാര സെല്ലിൽ ലഭിച്ച G3220902295 നമ്പർ പ്രകാരമുള്ള അപേക്ഷയിൽ ലഭിച്ചിട്ടുള്ള റിപ്പോർട്ടിലെ വിവരങ്ങൾ കൂടി ഉൾപ്പെടുത്തി നഷ്ടപരിഹാര തുക

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും നൽകുന്നതിനുള്ള നിർദ്ദേശം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുക".

**തീരുമാനിക്കേണ്ട വിഷയം**

(1) ശ്രീമതി ശാന്തകുമാരി അമ്മ, ആറ്റുകാൽ വീട്, വാളിയറ, വെള്ളനാട്, തിരുവനന്തപുരം എന്നയാൾക്ക്, OS 224/2009 - ലെ 08.03.2013 തീയതിയിലെ വിധിന്യായ പ്രകാരം നഷ്ടപരിഹാരമായി അനുവദിച്ച **4,63,000/- രൂപയും ആയതിന് കേസ് ഫയൽ ചെയ്ത അന്നുമുതൽ അനുവദിക്കുന്ന തീയതി വരെയുള്ള 6% പലിശയുൾപ്പടെ** CMDRF ചട്ടങ്ങളിലെ നിലവിലെ വ്യവസ്ഥയിൽ ഇളവ് വരുത്തി, ഇത് ഒരു പ്രത്യേക കേസായി പരിഗണിച്ച്, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് അനുവദിക്കാമോ?

(2) പലിശ കണക്കാക്കുന്നതിന് ജില്ലാ കളക്ടറെ ചുമതലപ്പെടുത്താവുന്നതാണോ?